ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) പി.എസ്.സി. ലിസ്റ്റ് നിലവിലുള്ളപ്പോൾ കോൺട്രാക്ട് വ്യവസ്ഥയിലും ദിവസകൂലി മുഖേനയും ആരെയും നിയമിക്കരുതെന്ന് എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പി.എസ്.സി. അഡ്വൈസ് മെമ്മോ ലഭിച്ചാൽ 3 മാസത്തിനകം നിയമന ഉത്തരവ് നൽകണമെന്നും ഇതിന് കഴിഞ്ഞില്ലെങ്കിൽ ഇതിനുള്ള കാരണം പി.എസ്.സി.-യെ അറിയിക്കണമെന്നുമുള്ള കർശന നിർദ്ദേശം നിലവിലുണ്ട്.

ലക്ചറർ ഇൻ പൊളിറ്റിക്സ് തസ്തികയിലെ ഒഴിവുകൾ

28 [1604] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ലക്ചറർ ഇൻ പൊളിറ്റിക്സ് തസ്തികയിലേയ്ക്ക് ഉള്ള എത്ര ഒഴിവിലേക്കാണ് പി.എസ്.സി. അപേക്ഷ ക്ഷണിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) നിയമത്തിനായുള്ള പരീക്ഷ എന്ന് നടത്തും എന്ന് പി.എസ്.സി. അറിയിച്ചിട്ടുണ്ടോ;

(ഡി) സിലബസും പരീക്ഷാരീതിയെ സംബന്ധിച്ചുള്ള വിവരങ്ങളും വെളിപ്പെടുത്തുമോ;

(ഇ) ഈ പരീക്ഷയ്ക്കായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഒൻപത് ഒഴിവുകളിലേക്ക്.

(ബി) പന്ത്രണ്ട് ഒഴിവുകൾ.

(സി ആന്റ് ഡി) തീരുമാനമായിട്ടില്ല.

(ഇ) 142 അപേക്ഷകൾ.

LIBRARY ARCHIVES Kerala Legislative Assembly